7. Prevents fatal accidents.

Each type of pooja or velvi has specific mantras which are recited at a certain time during the ritual. The long mantras have either 108 or 1008 lines and are concluded with a short mantra of three lines and three om's. The mantras recited during mandram pooja in America are shown below. Amma has given us permission to omit the 1008 line mantra which is normally recited because She says we are so busy and have little time. All mandrams in India, however, recite the 1008 as is normally required.

The number 108 has been considered sacred for thousands of years in India. The origin of this number probably lies in astronomy. The average distance from the sun and moon to the earth is 108 times each of their respective diameters. This is true to an accuracy of 0.5% for the Sun and 2% for the Moon. The thought that this was known so long ago is amazing. Like all tantric mantras each line is preceded by om and concluded with om. These characteristics give the mantras great potency.

**Courtesy - http://www.omsakthi.org/worship/mantra.html**

## *Great Temples series - 4*

**Balagopal Ramakrishnan**

**||Om Namo Narayanaya||**

### Arattupuzha Sree Dharma Sastha Temple

Arattupuzha Sree Dharma Sastha Temple's pooram festival in the month of 'Meenam' is the much awaited festival for the 'pooram' connaisseurs. One of the ancient and famous temple is situated at Arattupuzha, Trichur District. Nearly 22 temples are participating with all pomp in the pooram festival from the surrounding villages. It is believed that 108 God and godesses attend this 'Pooram'.

### Aluva Mahadevar Temple

Aluva Mahadevar Temple and Sree Krishna temple are on the banks of periyar river at Aluva, Cochin. 'Aluva Sivarathri' famous for the 'pithrutharpanam' ranks among the top most religious gatherings in Kerala. It is believed that on that day Lord Shiva has spread his matted hair on the river bed of Periyar, which flows thin during the 'Sivaratri' month.



### Ambalappuzha Sree Krishna Temple

Ambalappuzha Sree Krishna Temple 12 kms south of Alleppey has a spectacular nine day 'utsavam' presenting an array of dance forms like 'Kathakali', 'Kooth', 'Koodiyattam', 'Ottam thullal', and other classical art forms. The great literary luminaries of Kerala like Melphathur, Ezhuthachan, and Kunchan Nambiar worshipped the deity staying here. Nambiar spent a major part of his life, including the last, worshipping Lord Krishna here. Vilwamangalam Swamiyar too had a role in the construction of the temple.

During the Tipu's 'padayottam' of 1786 the idol at Guruvayoor Temple was shifted to this temple and were brought back after the withdrawal of Tipu from Malabar towards the end of 1790.

### 'Thullal' & the temple

The instance that prompted Nambiar to compose Thullal over 100 stories altogether - is very interesting. It was the duty of the Nambiar Community to give instrumental support like Mizhavu, a huge tabla like instrument, during the discourse of Koothu by Chakyar. Amidst one such performance Nambiar had a mild nap, which Chakyar noticed and insulted.The insulted Nambiar composed a new form of art 'Thullal', unique in-cosmetics and appearance blending stories and episodes from purans in

mellifluent lyrics and dance over a single night. The next day as Chakyar started his koothu, there I appeared opposite to his stage, a new stage, where the new art 'Thullal' was launched. All the assemblage, en masse, fled to enjoy the new art, deserting Chakyar. The Mizhavu which Nambiar played is exhibited on a podium in the western side of the temple.

**Story of 'Palpayasam'**

Main offering 'Palpayasam' is world renowned. The sweetness has to be devoured to experience. It's so divine, words fail miserably to describe.

The myth behind this palpaysam is like this: Once the king of Chembakasery took a loan of 150 tons of paddy from an alien Brahmin to meet the expense of his army. The king could not repay this debt for some time. The principal, interest and cumulative interest added up to a very huge sum. It was simultaneously that the King's treasury became bankrupt and the Brahmin insisted for the repayment. One morning as the King was proceeding to worship the old the Brahmin encountered: "Oh King, keeping God as witness, you shall not enter the inner of the temple without first making my payment". The king was puzzled. The minister in no seconds arranged from all sources the entire paddy needed for the repayment and heaped it before the Brahmin and ordered him to remove it instantly. The Brahmin was very happy and was in amazement. He could find no device to remove such huge mountain of paddy. He apologized and entreated to grant time. This was refused. The Brahmin kept a handful of paddy and the receipt on the threshold of the sanctum sanctorum and requested to prepare palpayasam daily as an offering to the God every daye. Another version is that the 'King' did not have the resources to repay the entire debt and was in a spot. Like a miracle the Brahmin felt a sudden call of conscience and he told the king that he wouldn't have to repay the debt and in lieu of this he would make use of the money and paddy for a daily offering of palpayasam to Lord Krishna. The king heeded to this request and from the next day onwards he arranged for the preparation of the 'palpayasam' to be used for the noon offering to the deity. According to another legend, Lord Krishna once appeared in the form of a sage in the court of the king who ruled the region and challenged him for a game of chess and chose as prize money a few grains of rice. It is determined using the chess-board in the following manner. One grain of rice shall be placed in the first square, two grains in the second square, and so on. Every square will have double the number of grains of its predecessor. Now one can work out for himself what would be number of grains at the 64th square!! It weighs 461 billion tonnes!! Seeing the helplessness of the King Bhagavan granted him relief by allowing him to repay the debt by way of offering the daily 'palpayasam'

There are lots of stories even regarding the installed idol too. The idol was brought by a boat and the Chambakulam Boat Race in June/July is in commemoration of this. The 3 ft high idol is always seen covered in sandalwood paste. The walls around the sanctum sanctorum are beautiful with paintings of 'Dasavathram'.

*************

# Kenopanishad on Brahman

## Balagopal Ramakrishnan

The following verses from Kena Upanishad gives one a peep into the 'Brahman' It says:

1. There sight travels not, nor speech, nor the mind. We know It not nor can distinguish how one should teach of It: for It is other than the known; It is there above the unknown. It is as we have heard from men of old who declared THAT to our understanding.

Words are ineffective to express it, but:

2. THAT which is unexpressed by the word, THAT by which the word is expressed, know THAT to be the Brahman--the great Ultimate Reality--and not this which men follow after here.

It is even beyond our minds and thinking abilities:

3. THAT which thinks not by the mind, THAT by which the mind is thought,know THAT to be the Brahman and not this which men follow after here.

It cannot be seen:

4. THAT which sees not with the eye, THAT by which one sees the eye'sseeings, know THAT to be the Brahman and not this which men follow afterhere.

It cannot be heard:

5. THAT which hears not with the ear, THAT by which the ear's hearing is heard, know THAT to be the Brahman and not this which men follow afterhere.

It does not breath like us, but:

6. THAT which breaths not with the breath, THAT by which the life-breathis led forward in its paths, know THAT to be the Brahman and not this which men follow after here.

In effect it sounds to be an impossibility to realise Brahman. But the following verse of Bhagavan gives hope and is practical too.

Chapter 15. Text 5 of 'Gita'

nirmana-moha jita-sanga-dosa
adhyatma-nitya vinivrtta-kamah
dvandvair vimuktah sukha-duhkha-samjnair
gacchanty amudhah padam avyayam tat

# THE GOAL

**Balagopal Ramakrishnan**

A 180 degrees shift was the need of the hour. And 'he' had to do it then and there. In front of the huge army of enemies. Time is the key, and the candidate is a tough guy. Not easily convincible. His depth of knowledge on science and ethics, morality and spiritual, war and governance is astounding. Cannot afford to make a mistake on logic and reason. The goal is to drive the man to kill his most loved ones-mindlessly and ruthlessly without even batting an eyelid; and still make him feel good and great. A winner through and through. Compounding the problem the hero has already fell deep into the pit of self pity and self abnegation. The strong mind is already decided to quit the war. Not bothered of the consequences, whatever it may be. Krishna was at his wits end seeing Arjuna, through whom he hoped to restablish Dharma, a shrivelled up, terribly confused and hopelessly devoid of any positive attitude. 'He' bore his lamentations and broke all tenets of decency and spoke to him very very unkindly- **"....anarya-justam asvargyam akirti-karam arjuna."** This, this really shook him for a moment-not for the harsh words but for the 'attitude' Krishna showed up with. Arjuna knew, at that point, that Krishna has something different in his mind. Arjuna did not stand up to keep arguing. He let himself surrender. The moment Arjuna became teachable 'he' began the world's most concise, powerful, logical, extremely effective piece of suggestion to overcome all that one need to move ahead in LIFE till they are left with nothing more to do so.

If this seems to be the GOAL, THE GOAL OF OVERCOMING ALL THAT ONE NEED TO-financial, emotional, physical, mental, spiritual..an endless list of impediments of life, then 'his' 'gita' is the only one to play the role. It is simple, effective and gurantees success:
**".....kaunteya pratijaneehi na mey bhakthaha pranasyati"**

# Japa Yoga
## By Sri Swami Sivananda

**WHAT IS JAPA ?**

**Repetition of any Mantra or Name of the Lord is known as Japa. Japa is an important Anga of Yoga. It is a spiritual food for the hungry soul. Japa is the rod in the hand of the blind Sadhakas (aspirants) to plod on the road to Realization. Japa is the philosopher's stone or divine elixir that makes one God-like. In this iron age, practice of Japa alone can give eternal Peace, Bliss and Immortality.**

**Japa is repetition of the Mantra. Dhyana is meditation on the form of the Lord with His attributes. There is meditation or Dhyana with Japa (Japa-Sahita-Dhyana); there is meditation or Dhyana without Japa (Japa-Rahita-Dhyana). In the beginning you should combine Dhyana with Japa. As you advance the Japa drops by itself; meditation only remains. It is an advanced stage. You can then practice concentration separately. You can do whatever you like best in this respect.**

**Name (Nama) and the object (Rupa) signified by the Name are inseparable. Thought and word are inseparable. Whenever you think of the name of your son, his figure stands before your mental eye, and vice versa. Even so when you do Japa of Rama, Krishna or Christ, the picture of Rama, Krishna or Christ will come before your mind. Therefore Japa and Dhyana go together. They are inseparable.**

**Do the Japa with feeling. Know the meaning of the Mantra. Feel God's presence in everything and everywhere. Draw closer and nearer to Him when you repeat the Japa. Think He is shining in the chambers of your heart. He is witnessing your repetition of the Mantra as He is the witness of your mind.**

## മഹാകവി വടക്കുംകൂർ രാജരാജ വർമ്മ രാജ - ഒരനുസ്മരണം.

## രാജു-വിളാവത്ത് , കുറുപ്പടി.

ആധുനീക കേരളസാഹിത്യ നഭോമണ്ഡലത്തിലെ ഉന്നതന്മാരിൽ എന്തുകൊണ്ടും ഒരഭ്യർഹികസ്ഥാനത്തെ അലങ്കരിക്കാൻ പോന്നവരാണല്ലോ മഹാകവിത്രയം എന്നറിയപ്പെട്ടിരുന്ന ആശാൻ, ഉള്ളൂർ, വള്ളത്തോൾ തുടങ്ങിയവർ. ആശാന്റെ "ഖണ്ഡകാവ്യങ്ങൾ, ഉള്ളൂരിന്റെ "ഉമാകേരളം-കേരളസാഹിത്യചരിത്രം, വള്ളത്തോളിന്റെ "ചിത്രയോഗം-ഋഗ്വേദാദി" തർജ്ജമകൾ മുതലായവയാണ അവരെ പരമോന്നത പദവിയിലേയ്ക്കുയർത്തിയതെന്ന് സംശയമില്ല.

'വിദ്യാ ദദാതി വിനയം' എന്ന ആപ്തവാക്യത്തെ സമ്പന്നമാക്കികൊണ്ട് കൈരളീദേവിയെ സേവ ചെയ്ത്, അനേകം ഉത്തമഗ്രന്ഥങ്ങൾ നിർമ്മിച്ച് ഭാഷയെ പോഷിപ്പിച്ച ദേഹമാണ്, 'പണ്ഡിതമണ്ഡലമണ്ഡിതനും, മഹാജ്ഞാനിയുമായിരുന്ന കവിതിലകൻ വടക്കുംകൂർ രാജരാജവർമ്മ രാജ'. മഹാകവിത്രയത്തെപ്പോലെയോ, തദധികമായോ മലയാളികൾ ആരാധിയ്ക്കേണ്ട ഒരു നാമധേയമാണ വടക്കുംകൂറിന്റേതെന്നു പറഞ്ഞാൽ അതൊരധികപ്പറ്റാവില്ല. പക്ഷേ അനുഭവം മറിച്ചാണ്, ചില സംസ്കൃതഭാഷ സ്നേഹികൾക്കൊഴിച്ച് മറ്റാർക്കും ഇന്നദ്ദേഹത്തെക്കുറിച്ചൊന്നുമറിഞ്ഞുകൂടാത്ത സ്ഥിതിയിലാണ്.

പ്രാചീന കേരളത്തിലെ പ്രസിദ്ധിപെറ്റ പല നാട്ടുരാജ്യങ്ങളിൽ ഒന്നായിരുന്നു വെമ്പലനാട്. അതിൽനിന്ന് പൊട്ടിമുളച്ചവയാണ് വടക്കുംകൂർ-തെക്കുംകൂർ രാജാവംശങ്ങൾ. വൈക്കം വഴുതനക്കാട്ടു കൊട്ടാരത്തിൽ കാവുക്കുട്ടിത്തമ്പുരാട്ടിയുടെയും, ശുകപുരം ഗ്രാമത്തിൽ തോട്ടുപുറത്ത് ഇല്ലത്തെ പുരുഷോത്തമൻ അച്യുതൻ നമ്പൂതിരിയുടെയും പുത്രനായി നമ്മുടെ കഥാനായകൻ ജനിച്ചു. അത്തമായിരുന്നു ജന്മനക്ഷത്രം. അദ്ദേഹത്തിന്റെ പത്താമത്തെ വയസിൽ മാതാവന്തരിച്ചു. മതൃസഹോദരി അമ്മാളുക്കുട്ടിത്തമ്പുരാട്ടിയാണ് പിന്നീടദ്ദേഹത്തെ പരിലാളിച്ച് വളർത്തിയത്. വൈക്കം ഗവ. സ്കൂളിലാണ് വിദ്യാഭ്യാസം ചെയ്തത്.

സംസ്കൃതത്തിനോടായിരുന്നു ചെറുപ്പം മുതൽ അഭിരുചി. ഗുരുമുഖത്തുനിന്ന് പഠിച്ചതിൽക്കൂടുതൽ സ്വന്തം പരിശ്രമംകൊണ്ടാണ് കരസ്ഥമാക്കിയത്. സംസ്കൃതത്തിൽ കിട്ടാവുന്നിടത്തോളം ഗ്രന്ഥങ്ങൾ വാങ്ങി വായിച്ചു പഠിക്കുക അദ്ദേഹത്തിനൊരു വിനോദമായിരുന്നു. നിത്യപാരായണം ചെയ്തുവന്നിരുന്ന പുരാണഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഭാരതം, രാമായണം, രഘുവംശം മുതലായവയും ഉൾക്കൊണ്ടിരുന്നു. പേരാമ്പ്രദേശത്തെ ലക്ഷ്മികെട്ടിലമ്മ എന്ന മഹതിയെ തമ്പുരാൻ വിവാഹം ചെയ്തിരുന്നുവെങ്കിലും സന്താനങ്ങളൊന്നുമില്ലായിരുന്നു. ജീവിതത്തിന്റെ മുഴുവൻ സമയവും സാഹിത്യപോഷണത്തിനായി

വിനിയൊഗിച്ചിരുന്നതുകൊണ്ട്, കുടുംബജീവിതവും അദ്ദേഹത്തിന് ബ്രഹ്മചര്യപോലെതന്നെയായിരുന്നു. സംസ്കൃതത്തിലുണ്ടായിട്ടുള്ള പുരാണപ്രസിദ്ധങ്ങളായ കഥകളെ ഉപജീവിച്ച് ഭാഷയിൽ മഹാകാവ്യങ്ങൾ, ഖണ്ഡകാവ്യങ്ങൾ, വ്യാഖ്യാനങ്ങൾ, എന്നിവയെഴുതി ജനമദ്ധ്യത്തിൽ ആർഷസംസ്കാരത്തിന്റെ കാതലുറപ്പിക്കുകയായിരുന്നു വടക്കുംകൂറിന്റെ മുഖ്യാദർശം എന്നു പറയാം. സംസ്കൃതത്തിൽ സാഹിത്യസംബന്ധമായ ഏതു വിഷയത്തെക്കുറിച്ചും അനായാസേന പ്രസംഗിയ്ക്കുവാൻ അദ്ദേഹത്തിന് കഴിവുണ്ടായിരുന്നു എന്നാണ് പറഞ്ഞുകേട്ടിട്ടുള്ളത്.

സുപ്രസിദ്ധ സമകാലിക സാഹിത്യകാരന്മാരും, പണ്ഡിതന്മാരും അദ്ദേഹവുമായി സൗഹൃദബന്ധം പുലർ ത്തിപ്പോന്നിരുന്നു. അവരിൽ ശ്രീമാൻ ഡീ.പി. ഉണ്ണി,സാഹിത്യകുശലൻ ടി.കെ. കൃഷ്ണമേനോൻ, മഹാകവികൾ വള്ളത്തോൾ, ഉള്ളൂർ, പണ്ഡിതർ ഇ.വി. രാമൻ നമ്പൂതിരി, കോളത്തേരി ശങ്കര മേനോൻ, എം. രാജരാജ വർമ്മ, തുടങ്ങിയവർ മുഖ്യന്മാരാണ്. പണ്ഡിതരാജൻ ആറ്റൂരിനോട് അദ്ദേഹത്തിന് പ്രത്യേകമായൊരു ആദരവുണ്ടായിരുന്നതായി രേഖപ്പെടുത്തി കണ്ടിട്ടുണ്ട്. സംസ്കൃതസാഹിത്യമായിരുന്നു അദ്ദേഹത്തിന്റെ ജീവനാഡിയെന്നിരുന്നാലും, വാങ്മയങ്ങളെല്ലാം മലയാളത്തിലാണെന്നുള്ളതാണ് പ്രത്യേകത. സംസ്കൃതത്തിൽ കവനംചെയ്യാൻ കഴിവില്ലാത്തതുകൊണ്ടല്ല, സംസ്കൃതാനഭിജ്ഞന്മാരായ ജനസമുദായത്തിന് മനസ്സിലാക്കാൻ പറ്റിയ ഭാഷയിൽ എഴുതിയാലേ അതുകൊണ്ട് പ്രയോജനമുള്ളൂ എന്ന് കരുതിയാണ്.

'ഉമാകേരളം' മൂന്നാംസർഗ്ഗം സംസ്കൃതത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുള്ളതുകൂടാതെ, 'കന്യാകുമാരീസ്തവം' എന്നൊരു ശാർദ്ദൂലവിക്രീഡിതത്തിൽ എഴുതപ്പെട്ട ഒരു സ്തോത്രകാവ്യവും സംസ്കൃതത്തിലുണ്ട്.ശേഷിച്ചതെല്ലാം മലയാളത്തിലാണ്. മഹാകവി, ജീവചരിത്രകാരൻ, നിരൂപകൻ, ലേഖകൻ, വ്യാഖ്യാതാവ്, ഗവേഷകൻ, ശാസ്ത്രകാരൻ എന്നീ നിലകളിലാണ് വടക്കുംകൂറിന്റെ പ്രശസ്തി നാം കണ്ടറിയുന്നത്. വിവിധവിഷയങ്ങളെക്കുറിച്ച് അദ്ദേഹം എഴുതിയിട്ടുള്ള ലേഖനങ്ങൾക്കും അതുപോലെതന്നെ നിരൂപണങ്ങൾക്കും അക്ഷരാർത്ഥത്തിൽതന്നെ കണക്കില്ല. അനേകം ഗ്രന്ഥങ്ങൾക്ക് അവിടുന്നെഴുതിയിട്ടുള്ള അവതാരികകളും, അഭിപ്രായങ്ങളും വേറെ. തൊടുന്നതെല്ലാം പൊന്നാക്കി മാറ്റുകയെന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത. വടക്കുംകൂർ ഗ്രന്ഥനിർമ്മാണത്തിനുപയോഗിച്ചിരിക്കുന്ന ഭാഷ വളരെ ലളിതവും, സുന്ദരവും ആർക്കും എളുപ്പം മനസ്സിലാക്കാവുന്നതുമാണ്. ഉള്ളൂരിന്റെ "കേരളസാഹിത്യചരിത്രവും", വടക്കുംകൂറിന്റെ "കേരളീയ സംസ്കൃത സാഹിത്യചരിത്രവും" തമ്മിൽ ഒരു താരതമ്യപഠനം നടത്തിയാൽ ഈ സംഗതി വായനക്കാർക്ക് മനസ്സിലാക്കാൻ പ്രയാസമില്ല. ചുരുക്കം ചില ഗ്രന്ഥങ്ങളൊഴിച്ച് ബാക്കിയുള്ളവയുടെയെല്ലാം വിഷയങ്ങൾ ഗഹനങ്ങളും, ശാസ്ത്രീയവുമായതുകൊണ്ട് സാധാരണക്കാർക്ക് അഭിരുചി ഉണ്ടാകുകയില്ല എന്നൊരു ദോഷം വടക്കുംകൂർ കൃതികൾക്കില്ലായ്കയില്ല.

വടക്കുംകൂറിന്റെ മുഖ്യകൃതികളെക്കുറിച്ചൊരു ലഘുസൂചന തരികമാത്രമേ ഈ ലേഖനത്തിലൂടെ ഞാനുദ്ദേശിയ്ക്കുന്നുള്ളൂ. അല്ലാതെ നിരൂപണത്തിനൊന്നും മുതിരുന്നില്ല. അദ്ദേഹത്തിന്റെ സർവ്വകൃതികളേയും സ്പർശിച്ചുകൊണ്ടൊരവലോകനം നടത്തണമെങ്കിൽ ഒരു വലിയ ഗ്രന്ഥം തന്നെ എഴുതേണ്ടതായിവരും. വടക്കുംകൂർ കൃതികളെ 1) മഹാകാവ്യങ്ങൾ; 2) ഖണ്ഡകാവ്യങ്ങൾ; 3) പരിഭാഷകൾ; 4) നിരൂപണങ്ങൾ; 5) നിഘണ്ടുക്കൾ; 6) വ്യാഖ്യാനങ്ങൾ; 7) ജീവചരിത്രങ്ങൾ; 8) സാഹിത്യചരിത്രം; 9) സാഹിത്യശാസ്ത്രം; 10) ഉപന്യാസങ്ങളുടേയും നിരൂപണങ്ങളുടെയും സമാഹാരങ്ങൾ എന്നിങ്ങനെ പലതായി തരംതിരിയ്ക്കാം.

മഹാകാവ്യങ്ങൾ:

ഒന്നിലധികം മഹാകാവ്യങ്ങൾ രചിച്ചിട്ടുള്ള ഒരേ ഒരു കേരളീയൻ വടക്കുംകൂറിനുമുമ്പ് കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ മാത്രമായിരുന്നു. സംസ്കൃതത്തിലും, മലയാളത്തിലുമായി എഴോളം മഹാകാവ്യങ്ങൾ രചിച്ച മഹാനാണദ്ദേഹം. മഹാകാവ്യ രചനയിൽ വടക്കുംകൂർ കൊച്ചുണ്ണിത്തമ്പുരാന് എതാണ്ട് സമശീർഷനാണെന്ന് പറയാം. നാലോ അഞ്ചോ മഹാകാവ്യങ്ങൾ മലയാളത്തിൽ അദ്ദേഹം രചിച്ച്കിട്ടുള്ളതായി കേട്ടിട്ടുണ്ട്. രഘുവീരവിജയം, രാഘവാഭ്യുദയം, ഉത്തരഭാരതം, എനീ മൂന്നു മഹാകാവ്യങ്ങൾ പ്രസിദ്ധീകൃതങ്ങളാണ്. ഭാഷയുടെ ഉന്നമനത്തിന് മഹാകാവ്യത്തോളം ഉതകുന്ന മറ്റൊന്നില്ലെന്ന് ഉറച്ചുവിശ്വസ്സിക്കുന്ന വ്യക്തിയാണ് വടക്കുംകൂർ. അതുമല്ല ദ്രാവിഡവൃത്തങ്ങളേക്കാൾ സംസ്കൃതവൃത്തമാണ് ഭാഷാപദ്യങ്ങൾക്ക് കൂടുതൽ യോചിച്ചതെന്നും അവിടുന്ന് വിശ്വസിച്ചിരുന്നു.

"നക്ഷത്രതാരാഗ്രഹസങ്കുലാപി
ജ്യോതിഷ്മതീചന്ദ്രമസൈവരാത്രീ". (നക്ഷത്രാദികൾ എത്രതന്നെ ശോഭിച്ചാലും രാത്രിയിൽ വെളിച്ചം കിട്ടണമെങ്കിൽ ചന്ദ്രൻ ഉദിക്കുകതനനെ വേണം. അനേകം ചെറുകാവ്യങ്ങളുണ്ടായാലും ഒരു മഹാകാവ്യരചനയുടെ ഉദ്ദേശം സഫലമാക്കാൻ അവ ഉപകരിക്കുകയില്ല എന്നൊരു സംശയം മേലുദ്ധരിച്ച വരികളിൽ അദ്ദേഹം കാണുന്നുണ്ട്.).

എന്ന കാളിദാസവചനമാണ് മഹാകാവ്യരചനക്ക് വടക്കുംകൂറിന് മാർഗ്ഗദർശി എന്നു പറയാം. 'രഘുവീരവിജയ' മാണ് അദ്ദേഹത്തിന്റെ മൂന്ന് കാവ്യങ്ങളിൽ വച്ച് ചെറുത്. പത്ത് സർഗ്ഗങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. ഒന്നുമുതൽ മൂന്നുവരെയുള്ള സർഗ്ഗങ്ങളിൽ രഘുവന്ദനം, വാല്മീകി മുതൽ കുഞ്ചനുവരെയുള്ള കവികളെ സ്മരിക്കുക, മഹാകാവ്യരചനയുടെ മുഖ്യമായ ഉദ്ദേശവും, അതിന് പരിപാലിയ്ക്കേണ്ട നിയമങ്ങളും, സൂര്യവർണ്ണന, രാഘവാദികളുടെ ബാല്യകാലലീലകൾ എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്നു. നാലുമുതൽ പത്തുവരെയുള്ള സർഗ്ഗങ്ങളിൽ വിച്ഛിന്നാഭിഷേകം മുതൽ ശ്രീരാമന്റെ ചിത്രകൂടപ്രവേശം വരെയുള്ള രാമായണകഥ ആഖ്യാനം ചെയ്തിരിക്കുന്നു. അർത്ഥകൽപ്പനാചാതുര്യം, പ്രതിപാദനവൈശിഷ്ട്യം, രചനസുഷമ,

ശബ്ദഭംഗി, രസാലങ്കാരനിബന്ധന എന്നീ വിഷയങ്ങളിൽ ഈകാവ്യം പരമോന്നതപദവി പ്രാപിക്കുന്നു. അംഗിയായ രസം ശാന്തമാണ്.

'രാഘവാഭ്യുദയ' വും രാമായണകഥയെ ഉപജീവിച്ച് എഴുതിയിട്ടുള്ളതാണ്. ഇരുപത്തിരണ്ടു സർഗ്ഗങ്ങളുള്ള ഈ മഹാകാവ്യത്തിന്റെ ഇതിവൃത്തം 'രാമലക്ഷ്മണന്മാർ വിശ്വാമിത്രന്റെ യാഗരക്ഷ ചെയ്യുന്നതുതുടങ്ങി ജനകന്റെ മകൾ സീതയെ രാമൻ വരിക്കുന്നതുവരെയുള്ള കഥയാണ്. ഈ കൃതിയെപ്പോലെ 'സാഹിത്യദർപ്പണകാരന്റേയും, 'കാവ്യാദർശകാരന്റേയും' സർവ്വവിധ ലക്ഷണങ്ങളുമൊത്ത വേറെ മഹാകാവ്യങ്ങൾ മലയാളത്തിൽ നാളിതുവരെ ഉണ്ടായിട്ടില്ലെന്നാണ് പണ്ഡിതപക്ഷം. ശബ്ദാർത്ഥപരങ്ങളായ എല്ല അലകാരങ്ങളും പ്രയോഗിക്കുക; പ്രകൃതിവിലാസങ്ങളെ വേണ്ടപോലെ വർണ്ണിക്കുക; നൂതനകൽപനകൾകൊണ്ട് കാവ്യത്തെ ഭാസുരമാക്കുക തുടങ്ങിയവ ഈ കാവ്യത്തിൽ സുലഭമാണ്. അദ്ദേഹത്തിന്റെ കാവ്യത്തിൽ ദ്വിതിയാക്ഷരപ്രാസം വളരെ ശ്രദ്ധയോടുകൂടി ഉപയോഗിക്കാത്ത ഒറ്റ പദ്യംപോലും കാണുകയില്ല. പ്രാസം കാവ്യങ്ങളിൽ വേണാമെന്നുള്ള ഒരലിഖിതനിയമത്തെ അദ്ദേഹം പിന്തുടരുന്നുണ്ടെന്ന് വായനക്കാർക്ക് തോന്നിപ്പോകും. ഇതരകവികൾക്ക് നാലിൽ രണ്ടു പാദങ്ങളിൽപോലും പ്രാസപ്രയോഗം 'ബാലികേറാമല' എന്നിരിക്കേ വടക്കുംകൂർ നാലു പാദങ്ങളിലും പ്രാസം നിഷ്പ്രയാസം കൈകാര്യംചെയ്തിരിക്കുന്നതു കാണാം. കാവ്യാലങ്കാരാദി സ്വരൂപനിരൂപണത്തിന് തക്കതായ ഉദാഹരണം ആവശ്യമായിവരുമ്പോൾ അദ്ദേഹത്തിന്റെ ശാസ്ത്രകൃതിയായ 'സാഹിതീസർവ്വസ്വത്തിൽ' ഉദ്ധരിച്ച്ചേർത്തിരിക്കുന്നത് മിക്കതും 'രാഘവാഭ്യുദയ' ത്തിൽനിന്നെടുത്തതാണെന്ന് കാണുമ്പോൾ പ്രസ്തുത കാവ്യത്തിന് എത്രമാത്രം സാങ്കേതിക പൂർണ്ണത കൈവന്നിട്ടുണ്ടാകുമെന്ന് സഹൃദയർക്ക് ബോദ്ധ്യമാകും.

മൂന്നാമത്തെ കാവ്യം ഉത്തരഭാരതമാണ്. ഗാത്രപുഷ്ടികൊണ്ട് വടക്കുംകൂറിന്റെ മഹാകാവ്യങ്ങളിൽ ഈ കാവ്യം മുന്നിട്ടുനിൽക്കുന്നു. 45 സർഗ്ഗങ്ങളുള്ള പ്രസ്തുതകാവ്യത്തിന്റെ ഇതിവൃത്തം ഭാരതയുദ്ധത്തിന് ശേഷം പാണ്ഡവരുടെ രാജ്യഭരണം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കഥയാണ്. ഈ കാവ്യത്തിന് തൽകർത്താവൊരു അവതാരികയെഴുതിയിട്ടുണ്ട്. മഹാഭാരതത്തെക്കുറിച്ച് സമഗ്രമായൊരു നിരുപണവുംകൂടിയായ ഈ അവതാരിക 452 പേജോളം വരുന്നതാണ്. ലോകം അറിഞ്ഞിരിക്കേണ്ട അനേകം 'ധർമ്മതത്ത്വങ്ങൾ' അദ്ദേഹം ഈ കാവ്യത്തിൽക്കൂടി ഉപദേശിക്കുന്നുണ്ട്. ഇതിവൃത്തമഹത്വം, യുധിഷ്ഠിര ഭരണം. ഭരണരീതി, യാഗം, ധൃതരാഷ്ട്രരുടെ വാനപ്രസ്ഥം, ആശ്രമവാസം, വ്യാസാഗമനം, യുദ്ധത്തിൽ മരിച്ചവരെ വ്യാസൻ തപോബലംകൊണ്ട് വരുത്തുന്നത്, യാദവകുലനാശം, സ്വർഗ്ഗാരോഹണം തുടങ്ങി അസംഖ്യം കഥകൾ ഉത്തരഭാരതത്തിൽ ചുരുക്കിയും, വിസ്തരിച്ചും ഉൾക്കൊള്ളിച്ചിരിക്കുന്നു. രസങ്ങളിൽ ശാന്തം, (ഭാരതത്തിലെ അംഗിയായ രസം ശാന്തമാണെന്നാണ് പണ്ഡിതമതം) കരുണം, (ഭക്തിയും ഒരു രസമായി ഇതിൽ പ്രയോഗിച്ചിരിക്കുന്നു), ശൃംഗാരം, ബീഭത്സം, (രണ്ടും പേരിനുമാത്രം) എന്നിവ മുഖ്യമായി പ്രയോഗിച്ചിരിക്കുന്നു. ബീഭത്സത്തിനൊരുദാഹരണം കാണിക്കാം.

"പച്ചമാംസനിരപാകമാക്കുവാൻ

വെച്ചതിൽ കൃമികൾ സഞ്ചരിപ്പതായ്

.........................

വാട്ടമാളിന മൃഗാസ്ഥിതൻ മുറി-

ക്കുട്ടമങ്കണതലത്തിലുള്ളതായ്"

എന്ന് അറപ്പും വെറുപ്പും തോന്നത്തക്കവിധം പ്രയോഗിച്ചിരിക്കുന്നു. ദേശകാലാതിവർണ്ണനകൾ, വിവിധാലങ്കാരപ്രയോഗം മുതലായ ഉത്തമകാവ്യങ്ങൾക്ക് വിഷയീഭവിക്കേണ്ടതെല്ലാം ഈ കാവ്യത്തിലും ഉടനീളം കാണാം. വ്യാസാശ്രമവർണ്ണന തുടങ്ങുന്ന ഭാഗം നോക്കുക.

'ഹരിണം ഹരി ഗോവ്യാഘ്രം

കരിയിജ്ജന്തു പംക്തികൾ

തരിക്കും വൈരമില്ലാതെ

പരിക്രീഡിച്ചിടുന്നതായ്'.

(ആശ്രമസമീപത്തിൽ വസിക്കുന്ന ദുഷ്ടമൃഗങ്ങളും ശാന്തമൃഗങ്ങളും ജന്മനാ ബദ്ധശത്രുക്കളെങ്കിലും തപശക്തികൊണ്ട് പരിപാവനമായിരിക്കുന്ന പുണ്യഭൂവിൽ അവ ശത്രുതയെല്ലം വെടിഞ്ഞ് മിത്രങ്ങളെന്നോണം മേവുന്നുവെന്ന് സാരം.).

സരസമായ ഒരു മധുപാനവർണ്ണനയുടെ ഭാഗം ഉദ്ധരിക്കാം.

'അനന്യസാധാരണമുൾപ്രമോദ-

മനന്തമേകം മധുദേവിയാളെ

വിനഷ്ടസർവ്വേതരചിന്തരായ-

ജ്ജനങ്ങൾ സേവിപ്പതിനുദ്യമിച്ചാൽ

..........................

മിടുക്കു കൈകൊണ്ടഥ മദ്യകുംഭ-

മെടുത്തു വക്ത്രത്തൊടു ചേർത്തൊരുത്തൻ,

അടുത്തിരിപ്പോർ കൊതി പൂകിടുമ്മാ-

റൊട്ടുക്കമില്ലാതെ കുടിച്ചു താനേ!'

യാദവന്മാർക്കു കിട്ടിയ ശാപഫലോദയകാലം സമാഗതമായപ്പോൾ അർക്കിടയിൽ മദ്യപാനവും തുടർന്ന് പരസ്പരം കലഹങ്ങളും മൂലം യാദവകുലം നശിക്കുന്നതിനെയാണ് മുകളിലെ പദ്യങ്ങളിൽ വർണ്ണിച്ചിരിക്കുന്നത്. ഈ കാവ്യത്തെപ്പറ്റി വളാരെയേറെ പറയാനുണ്ടെങ്കിലും, വിസ്തരഭയത്താൽ ഇവിടെ അവസാനിപ്പിക്കുകയാണ്.

കാവ്യങ്ങൾ:

ഖണ്ഡകാവ്യങ്ങൾ നാലെണ്ണം പ്രസിദ്ധീകരിച്ചിട്ടുണ്ട്. "ലഘുമഞ്ജരി" മഹാഭാരതത്തിൽ പൂരുവിന്റെ കഥയെ ആസ്പദമാകിയുള്ളതാണ്. മഹാഭാരതത്തിലെ സൗപ്തികപർവ്വത്തിൽ വിവരിച്ചിരിക്കുന്ന ദ്രോണപുത്രനായ അശ്വത്ഥാമാവിനെയും ധൃഷ്ടദ്യുമ്നനെയും മറ്റും വധിക്കുന്ന കഥയാണ് 'ദ്രൗണീപ്രഭാവം' എന്ന കാവ്യത്തിലെ വിഷയം. ഉള്ളൂരിന്റെ ചരമത്തെ അനുശോചിച്ചെഴുതിയതാണ് 'മഹച്ചരമം' എന്ന കാവ്യം.91 പദ്യങ്ങളടങ്ങിയ ഒരു സ്തോത്രകാവ്യമാണ് 'ഗൗരീലഹരീസ്തോത്രം'. 'സ്രഗ്ദ്ധരാവൃത്ത'ത്തിൽ ഈ കാവ്യം എഴുതപ്പെട്ടിരിക്കുന്നു.

വ്യാഖ്യാനങ്ങൾ:

പല സംസ്കൃതകാവ്യങ്ങളിൽനിന്നും പ്രധാനപ്പെട്ട ഭാഗങ്ങൾ തെരഞ്ഞെടുത്ത് അവയെ പരിഭാഷചെയ്ത് പ്രസിദ്ധീകരിച്ചിരിയ്ക്കുന്നതാണ് 'അന്യോക്തിമുക്താലത' എന്ന ഗ്രന്ഥം. 'ശൈലീപ്രദീപം' എന്നൊരു നിഘണ്ടു വടക്കുംകൂർ രചിച്ചിട്ടുണ്ട്. സാധാരണ നടപ്പിലിരിക്കുന്ന പഴയ ശൈലികളുടേയും, പഴഞ്ചൊല്ലുകളുടേയും അർത്ഥം ഉദാഹരണസഹിതം ഇതിൽ വിവരിച്ചിരിക്കുന്നു. പല സ്തോത്രങ്ങൾക്കും കാവ്യങ്ങൾക്കും വടക്കുംകൂർ വ്യാഖ്യാനങ്ങൾ രചിച്ചിട്ടുണ്ട്. ജഗനാഥപണ്ഡിത മഹാകവിയുടെ 'കരുണാലഹരി' എന്ന സ്തോത്രത്തിന് ഒരു വിസ്തൃതമായ വ്യാഖ്യാനം അദ്ദേഹം എഴുതിയിട്ടുണ്ട്. മേൽപത്തൂരിന്റെ പ്രസിദ്ധമായ 'നാരായണീയ'ത്തിന് സംകൃതത്തിലും മലയാളത്തിലും അനേകം വ്യാഖ്യാനങ്ങൾ ഉള്ളതുകൂടാതെ പദാനുപദവിവർത്തനവും ഉണ്ട്. നാരായണീയത്തിന് പണ്ഡിതരാജൻ പി. എസ്. അനന്തനാരായണ ശാസ്ത്രിയും വടക്കുംകൂറും ചേർന്നെഴുതിയ ഭാഷാവ്യാഖ്യാനം മംഗളോദ്യം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അറുപതാം ദശകത്തിനുശേഷമുള്ള വ്യാഖ്യാനം വടക്കുംകൂറിന്റേതാണ്.

കേരളത്തിൽനിന്നുണ്ടായിട്ടുള്ള സംസ്കൃതസന്ദേശകാവ്യങ്ങളിൽ എന്തുകൊണ്ടും ഉൽകൃഷ്ടസ്ഥാനത്തെ അർഹിക്കുന്ന ഒന്നാണ് ലക്ഷ്മീദാസന്റെ 'ശുകസന്ദേശം'. വ്യംഗ്യാർത്ഥത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടാണ് ഈ കാവ്യം രചിച്ചിരിക്കുന്നതെന്ന് കൈവാക്യത്താൽ സ്പഷ്ടമാണ്.

"വ്യങ്ങ്ഗ്യോത്തം സൈരിവരസ വിദസ്സൽക്ക-

വീനാം പ്രബന്ധൈ:

പ്രീതിർമ്മന്യേ മനസി ഭവതസ്ഫീത-

താമേഷ്യതീതി".

("ഉണ്ടാം വ്യംഗാർത്ഥമേന്തും സരസകവികൾ തൻ

കാവ്യബന്ധങ്ങൾ കണ്ടി-

ട്ടുണ്ടാകുംപോലെയുള്ളിൽസ്സരസവര! രസം

കൂടുമേറ്റം ദൃഢം തേ". -

-തർജ്ജമ: കുഞ്ഞുക്കുട്ടൻ തമ്പുരാൻ.)

ഇങ്ങിനെയുള്ള കാവ്യങ്ങൾ എത്രയും ശ്രദ്ധയോടുകൂടി ഭാഷാന്തരീകരിച്ചാലും മൂലത്തിന്റെ പൂർണ്ണത കൈവരികയില്ല. എന്നിരുന്നാലും മഹാകവി കുഞ്ഞിക്കുട്ടന്തമ്പുരാൻ ഈ വിഷയത്തിൽ ലക്ഷ്മീദാസന്റെ അരികിൽചെന്നെത്താൻ ശ്രമിച്ചിട്ടുണ്ടെന്ന് പറയാം. 'ഭാഷാശുകസന്ദേശത്തിനാണ്' വ്ടക്കുംകൂർ വ്യാഖ്യാനം രചിച്ചിട്ടുള്ളത്. വിവർത്തനകാരന് എത്തിപ്പിടിക്കാൻ പറ്റാത്ത പല ആശയങ്ങളും വ്യാഖ്യാതകാരൻ വെളിച്ചത്തുകൊണ്ടുവന്നിട്ടുണ്ട്. ഭാരതത്തിലെ പ്രമുഖ സംസ്കൃത വ്യാഖ്യാതാവായ 'മല്ലിനാഥ'ന് സമശീർഷനായ 'പൂർണ്ണസരസ്വതി'യുടെ വ്യാഖ്യാനശൈലിയെ അനുകരിച്ചാണ് വ്ടക്കുംകൂർ വ്യാഖ്യാനമെഴുതിര്യിരിക്കുന്നത്.ആ മഹാന്റെ (പൂർണ്ണസരസ്വതി) വ്യാഖ്യാനസരണി മല്ലിനാഥനടക്കം മറ്റു ഭാരതീയവ്യാഖ്യാനകാരന്മാരിൽനിന്നും പല വിധത്തിലും വേർപ്പെട്ടു നിൽക്കുന്നതുകൊണ്ടും, സർവ്വലക്ഷണയുക്തമായതിനാലും, ആ ശൈലി ഭഷയിലും ഉണ്ടായി അഭിവൃദ്ധിപ്പെടണമെന്ന വടക്കുംകൂറിന്റെ ആഗ്രഹമാണ് ഇങ്ങനെ അനുകരിക്കാൻ കാരണമെന്ന് അദ്ദേഹംതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ വ്യാഖ്യാനത്തിന്റെ മറ്റൊരു പ്രത്യേകത ശ്ലോകങ്ങളുടെ വ്യാഖ്യാനം മാത്രമല്ല ഇതിലുള്ളത് എന്നതാണ്. സന്ദേശകാവ്യങ്ങളിൽ, സന്ദേശവുമായി പോകുമ്പോൾ മാർഗ്ഗമധ്യേയുള്ള പല സ്ഥലങ്ങളുടേയും, പ്രത്യേകിച്ച് അമ്പലങ്ങൾ, രാജകൊട്ടാരങ്ങൾ, ഉദ്യാനങ്ങൾ അതാത് സ്ഥലങ്ങളിലെ ഭൂമിശസ്ത്രം എന്നിവയെയും പരിചയപ്പെടുത്റ്റുക പതിവാണല്ലോ. അങ്ങനെയുള്ള സന്ദർഭങ്ങളിൽ വ്യാഖ്യാതാവ് ദേശചരിത്രങ്ങളും, ഐതീഹ്യങ്ങളും പ്രതിപാദ്യവിഷയമാക്കിയിട്ടുണ്ട്. മൂലവും ചേർത്താണ് കൃതി പ്രസിദ്ധീകരിച്ചിരിക്കുന്നതെന്നൊരു മേന്മയും ഇതിനുണ്ട്.

വടക്കുംകൂറിന്റെ വ്യാഖ്യാനങ്ങളിൽ എറ്റവും കൂടുതൽ ജനപ്രീതിനേടിയിട്ടുള്ളതും, മുഖ്യമായതും 'കൃഷ്ണഗാഥാ'വ്യാഖ്യാനമാണ്. അതിനദ്ദേഹം എഴുതിച്ചേർത്തിട്ടുള്ള 'ഗാഥപ്രവേശിക'യും, 'ടിപ്പണി'യും വായിച്ചുപഠിച്ചാൽ കൃഷ്ണഗാഥയെന്ന ഉൽകൃഷ്ടകൃതിയെക്കുറിച്ച് അറിയേണ്ടതെല്ലാം ലഭ്യമാകും. കൃഷ്ണഗാഥയുടെ കർത്താവ് ചെറുശ്ശേരി നമ്പൂതിരിയാണെന്ന് സകലരും വിശ്വസിക്കുന്നുണ്ടെങ്കിലും, വടക്കുംകൂറിന്റെ അഭിപ്രായം

'പുന'മാണെന്നാണ്. കൃഷ്ണഗാഥയുടെ കിട്ടാവുന്നത്ര താളിയോലഗ്രന്ഥങ്ങളും അതുപോലെതന്നെ അച്ചടിച്ച പുസ്തകങ്ങളും ശ്രദ്ധയോടെ പരിശോധിച്ച് വിട്ടുപോയതും സ്ഥാനം തെറ്റിയതുമായ വരികളേയും മറ്റും വേണ്ടതായ സ്ഥാനത്ത് ചേർത്ത് ശുദ്ധപാഠം തയ്യാറാക്കി വടക്കുംകൂർ ഈ കൃതി പ്രസിദ്ധീകരിച്ചത് സഹൃദയലോകത്തിന് വളരെ ഉപകാരമായിട്ടുണ്ട്.

ജീവചരിത്രങ്ങൾ:

സംസ്കൃതസാഹിത്യത്തിലെയും ഭാഷാസാഹിത്യത്തിലെയും തലയെടുപ്പുള്ള നായകന്മാരുടെ ജീവചരിത്രങ്ങൾ രചിച്ച് മലയാളികളുടെ അറിവ് വർദ്ധിപ്പിക്കണമെന്ന ആഗ്രഹത്താൽ അദ്ദേഹം രചിച്ചവയാണ് (1) ശ്രീ കാളിദാസൻ; (2) മേൽപ്പത്തൂർ നാരായണ ഭട്ടത്തിരി; (3) ജഗദ്ഗുരു ശങ്കരാചാര്യർ; (4) ക്ഷേമേന്ദ്രൻ; (5) ശ്രീ വാല്മീകി; (6) ഉള്ളൂർ മഹാകവി; (7) മഹാകവി രാമപാണിവാദൻ എന്നീ കൃതികൾ.

സാഹിത്യചരിത്രം:

വടക്കുംകൂറിനെപ്പറ്റി എഴുതുമ്പോൾ വിസ്മരിക്കാൻ പാടില്ലാത്ത ഒന്നാണ് അദ്ദേഹം വളരെ ക്ലേശങ്ങൽ സഹിച്ചും, വർഷങ്ങളോളം ഗവേഷണം ചെയ്തും, എഴുതിയ 'കേരളീയ സംസ്കൃതസാഹിത്യചരിത്രം'.
ലോകസാഹിത്യത്തിലെ തന്നെ മഹാത്ഭുതങ്ങളിൽ ഒന്നായി ഇതിനെ ഗണിക്കുന്നതിൽ ഒരു തെറ്റുമില്ല.
ഭാരതത്തിലെ വേറൊരു സംസ്ഥാനത്തെ സംസ്കൃതസാഹിത്യത്തെക്കുറിച്ചും ഇത്രയും വിപുലവും സർവ്വലക്ഷണവുമൊത്തൊരു ചരിത്രം ആരും ഇന്നുവരെ രചിച്ചിട്ടുമില്ല. ആറു ഭാഗങ്ങളായിട്ടാണ് പ്രസ്തുതഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഒന്നാം ഭാഗം കേരളത്തിന്റെ ഉത്ഭവവും, പഴക്കവും, മാഹാത്മ്യവും, മറ്റും വിവരിച്ചുകൊണ്ടാണ് ആരംഭിക്കുന്നത്. കേരളത്തിലെ അനേകം സ്വകാര്യഗ്രന്ഥപ്പുരകളേയും, അവിടെ ചിതലിനിരയായിക്കൊണ്ടിരിക്കുന്നതുമായ താളിയോലഗ്രന്ഥങ്ങളെക്കുറിച്ച് അടുത്തതായി പ്രതിപാദിക്കുന്നു.
കേരളത്തിലെ സംസ്കൃതവിദ്യാഭ്യാസത്തെപ്പറ്റിയുള്ള വിവരണമാണ് അടുത്തത്. വേദാന്തം, വ്യാകരണം, ജ്യോതിഷം, മന്ത്രതന്ത്രാദികൾ, കഥകളി, ശിൽപ്പം, രാജനീതി എന്നിവയെ പരാമർശ്ശിച്ചശേഷം, വരരുചി, പ്രഭാകരമിശ്രൻ, സുകുമാരൻ, കുലശേഖരൻ, വാസുദേവഭട്ടത്തിരി, തോലൻ, ശങ്കരാചാര്യർ, വില്വമംഗലം, ശക്തിഭദ്രൻ, രാഘവാനന്ദൻ, വടശ്ശേരി പരമേശ്വരൻ നമ്പൂതിരി, നീലകണ്ഠസോമയാജി, ദേശമങ്ങലത്തു വാര്യന്മാർ തുടങ്ങി അസംഖ്യം കവികളെയും, ശസ്ത്രകാരന്മാരെപ്പറ്റി ദീർഘമായിത്തന്നെ ചർച്ച ചെയ്യുന്നുണ്ട്.

രണ്ടാംഭാഗത്തിൽ കേരളത്തിന്റെ പൂർവ്വസ്ഥിതി, സംസ്കൃതത്തിന്റെ ആഗമം, സംസ്കൃതവും മലയാളഭാഷയുടെ പരിവർത്തനവും, കേരളത്തിലെ ആചാരങ്ങളും വിശേഷാഘോഷങ്ങളും, ജനസമുദായം, ദേവാലയങ്ങളും സംസ്കാരാഭിവൃത്തിക്ക് അവ്ക്കുള്ള ബന്ധം തുടങ്ങി ഒട്ടേറെ കാര്യങ്ങൾ പ്രഗത്ഭമാംവണ്ണം വിവരിക്കുന്നു. പൂർണ്ണ

സരസ്വതി മുതൽ അച്യുതപിഷാരൊടിവരെ അസംഖ്യം മഹാന്മാരെയും, അവരുടെ കൃതികളെയും കുരിച്ചുള്ള പഠനമാണ് അടുത്തത്. കാളിദാസന്റെ 'മേഘദൂതി'ന് സംസ്കൃതത്തിലും മറ്റു ഭാരതീയ ഭാഷകളിലുമായി അസംഖ്യം വ്യാഖ്യാനങ്ങളുണ്ട്. സംസ്കൃത വ്യാഖ്യാനങ്ങളിൽ മല്ലിനാഥന്റെയും, പൂർണ്ണസരസ്വതിയുടെ 'വിദ്യുല്ലത'യും, പയ്യൂർ പ്പട്ടേരിമാരിലാരോ രചിച്ച 'സുമനോരമണി'യും പ്രാധാന്യമർഹിയ്ക്കുന്നവയാകുന്നു. ഈ മൂന്നു വ്യാഖ്യാനങ്ങളെയും കുറിച്ചൊരു താരതമ്യപഠനം നടത്തി ഓരോരൊ അംശങ്ങളിൽ അവരിലോരോരുത്തർക്കുമുള്ള മഹത്വത്തെ വടക്കുംകൂർ കേരളീയ സംസ്കൃത സാഹിത്യചരിത്രത്തിലുിവരിക്കുന്നത് വായിക്കേണ്ട ഒന്നാണ്.

മൂന്നാംഭാഗം മഹാനായ മേൽപത്തൂർ നാരായണ ഭട്ടതിരിയേയും അദ്ദേഹത്തിന്റെ കൃതികളെയും കുറിച്ചുള്ള പഠനത്തോടെ ആരംഭിക്കുന്നു. 180 പേജോളം വരുന്ന ഈ അദ്ധ്യായം കേരള സംസ്കൃത സാഹിത്യചരിത്രത്തിലെ നാഴികക്കല്ലാണെന്നു പറയാം. മേൽപത്തൂരിനെക്കുറിച്ച് പല പുതിയ വിവരങ്ങളും വടക്കുംകൂർ വെളിപ്പെടുത്തുന്നുണ്ട്. മേൽപത്തൂരിന്റെ സാഹിത്യസംഭാവനകളിൽ മുഖ്യമായി പരിലസിക്കുന്ന പ്രബന്ധങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, ജീവിതകാലം, എത്രവയസ്സുവരെ ജീവിച്ചിരുന്നു എന്നുള്ളതും മറ്റുമാണീ പുതിയ അറിവുകൾ. പിന്നീട് മേൽപത്തൂരിന്റെ സമകാലികരായ മാനവേദൻ, നാരായണപണ്ഡിതൻ, കുട്ടഞ്ചേരി തുടങ്ങിയവരെക്കുറിച്ക് പരാമർശ്ശിക്കുന്നു. മംഗലശ്ശേരി-പണക്കാട് നമ്പൂതിരിമാർ, രുദ്രദാസൻ, മഹാനദപൂർണ്ണ ൻ, രവിവർമ്മകുലശേഖരൻ തുടങ്ങിയവരെപ്പറ്റിയാണ് അനന്തരപരാമർശ്ശം.

നാലാംഭാഗം രാമപാണിവാദന്റെ ദീർഘമായൊരു ചർച്ചയോടെ ആരംഭിക്കുന്നു. 150 പേജോളം വരുന്ന ഈ ഭാഗത്ത് പാണിവാദന്റെ നാനാമുഖമായ സാഹിത്യസപര്യയെ വിലയിരുത്തുന്നു. "രാമപാണിവാദനും കുഞ്ചൻ നമ്പ്യാരും രണ്ടുപേർ തന്നെ" എന്ന വടക്കുംകൂരിന്റെ അഭിപ്രായത്തെ ഇവിടെ ആവർത്തിച്ച് പറയുന്നുണ്ട്. രാഷ്ടത്തിന്റെ സ്ഥിതി, ചില ജ്യോതിഷഗ്രന്ഥങ്ങൾ, സ്വാതിതിരുനാൾ, അശ്വതിതിരുനാൾ തുടങ്ങി കൈക്കുളങ്ങര രാമവാര്യർ വരെ അസംഖ്യം പ്രഗത്ഭവ്യക്തികളെക്കുറിച്ച് പിന്നീട് പരാമർശ്ശിക്കുന്നു. അഞ്ചാംഭാഗം "കേരളവർമ്മ വലിയകോയിത്തമ്പുരാ"ന്റെ ചരിത്രത്തോടെ ആരംഭിക്കുന്നു. കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ തുടങ്ങി ആധുനികരായ കവികളെക്കുറിച്ച് ഇതിൽ തുടർന്നു പരാമർശ്ശിക്കുന്നു. ആറാംഭാഗം 13 അദ്ധ്യായങ്ങളുള്ളതാണ്. കവിത്രയങ്ങളടക്കം അസംഖ്യം ആധുനിക കവികളെയും പണ്ഡിതന്മാരെയും അവരുടെ കൃതികളെയും കുറിച്ച് ഈ ഭാഗത്തിൽ വിലയിരുത്തുന്നുണ്ട്. ഇത്രയുംകൊണ്ട് വടക്കുംകൂറിന്റെ 'കേരള സംസ്കൃത സാഹിത്യചരിത്രം' പരിസമാപ്തിയിലെത്തുന്നു.

മഹാകവി ഉള്ളൂരിന്റെ "കേരളസാഹിത്യചരിത്രത്തിന്" വടക്കുംകൂർ രചിച്ച 'ചർച്ചയും പൂരണവും' രണ്ടുവാല്യങ്ങളിലായി മംഗളോദയം 1967-ൽ പ്രസിദ്ധീകരിച്ചു. ഒന്നാം ഭാഗത്തിൽ സാഹിത്യചരിത്രത്തിലെ മൂന്നു ഭാഗങ്ങളും, രണ്ടാം ഭാഗത്തിൽ ശേഷിച്ച രണ്ടു ഭാഗങ്ങളും ചർച്ചചെയ്യപ്പെട്ടിരിക്കുന്നു. ഉള്ളൂരിന്റെ കാലശേഷം

വടക്കുംകൂറിന് ഗവേഷണഫലമായി കിട്ടിയ പല പുതിയ അറിവുകളും, സാഹിത്യചരിത്രത്തിൽ എതദ്വിഷയകമായിപ്പറഞ്ഞിരിക്കുന്ന കാര്യങ്ങളും യഥാവിധി പരിശോധിച്ച്, തെറ്റുകൾ കടന്നുകൂടിയിട്ടുള്ളവയെ തിരുത്തുകയും കൂട്ടിച്ചേർക്കേണ്ടവയെ ചേർക്കുകയും, അവയെ വേണ്ടപ്രകാരത്തിൽ വ്യാഖ്യാനിച്ചും ഈ കൃതി രചിച്ചിരിക്കുന്നു. ഉള്ളൂരിനോട് വടക്കുംകൂറിനുണ്ടായിരുന്ന അകമഴിഞ്ഞ ആദരമൊന്നുമാത്രമാണ് ഈ പൂരണത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ച സംഗതി എന്ന് മുഖവുരയിൽ വ്യക്തമാക്കിയിട്ടുണ്ട്. നാൽപ്പതോളം പേജുകൾ വരുന്ന മുഖവുരതന്നെ ഉള്ളൂരിന്റെ സാഹിത്യവ്യവസായത്തിലെ നാനാമുഖനേട്ടങ്ങളെ വിലയിരുത്തുന്ന ഒന്നാണ്. 'ഓടുന്നവനും, ഓടിക്കുന്നവനും', ബുദ്ധിമുട്ട് ഒന്നുപോലെയാണെന്ന് പറയുന്ന മാതിരി, സാഹിത്യചരിത്രമെഴുതാൻ ഉള്ളൂർ എത്രമാത്രം കഷ്ടപ്പാടുകൾ സഹിച്ചിട്ടുണ്ടോ, അത്രയുംതന്നെ മുദ്ധിമുട്ടിയാണ് വടക്കുംകൂർ അതിന് പൂരണമെഴുതിയിരിക്കുന്നതെന്ന് കാണാൻ കഴിയും.

സാഹിത്യശാസ്ത്രം, സാഹിത്യമഞ്ജുഷിക (മൂന്നുഭാഗം), സംസ്കൃതസാഹിത്യം, സാഹിത്യഹൃദയം, സാഹിത്യകൗസ്തുഭം, സാഹിത്യനിധി, കൈരളീ മാഹാത്മ്യം, സാഹിത്യവും പുരുഷാർത്ഥവും, ഭാഷാചമ്പു, മഹാഭാരതനിരൂപണം എന്നിവയാണ് അദ്ദേഹത്തിന്റെ മുഖ്യ ഇതര കൃതികൾ. കൂടാതെ അസംഖ്യം ഭാഷാകൃതികളും, സംസ്കൃതകൃതികളും പ്രസാധനം ചെയ്ത് കൈരളിയെ ധന്യമാക്കിയിട്ടുണ്ട്. എണ്ണിയാൽ തീരാത്തത്രയും കവിതകളും, ലേഖനങ്ങളും, അഭിപ്രായങ്ങളും എഴുതി പല മാസികകളിലും, ആഴ്ചപ്പതിപ്പുകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഏറ്റവും വലിയ നിരൂപണം 'ഭാരത നിരൂപണ'മാണ്. മഹാഭാരതത്തെക്കുറിച്ച് സമഗ്രവും, വിജ്ഞേയവുമായ ഒരു പഠനമാണിത്. ലോകതത്വങ്ങൾ മഹാഭാരതത്തിൽ അടങ്ങിയിട്ടുള്ളവയെല്ലാം വിദഗ്ധമാംവണ്ണം കൈകാര്യം ചെയ്ത് അവയെ വായനക്കാരുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കുകയാണ് ചെയ്തിരിക്കുന്നത്. പ്രസ്തുത കൃതി ഇതുവരെ അച്ചടിച്ചിട്ടില്ലാ എന്നു കാണുന്നു. അച്ചടിച്ചാൽ ഏകദേശം 2000 പുറത്തോളം വരുമെന്നാണ്` അതിന്റെ കയ്യെഴുത്തുപ്രതി കണ്ടിട്ടുള്ളവർ അഭിപ്രായം പ്രകടിപ്പിച്ച്കിരിക്കുന്നത്. അപ്പോൾ കേ. സംസ്കൃതസാഹിത്യചരിത്രത്തിന്റെ മൂന്നിൽ രണ്ടു വലിപ്പമെങ്കിലും ഈ കൃതിക്ക് വന്നേക്കാവുന്നതാണ്. ഈ നിരൂപണം അദ്ദേഹത്തിന്റെ അവതാരികയ്ക്ക് പുറമേയാണെന്ന് ഓർ ക്കുന്നതു കൊള്ളാം.

എഴുത്തച്ഛനേയും, മഹാകവി വള്ളത്തോളിനേയും പോലെ സംസ്കൃതംകൊണ്ട് മലയാളാത്തെ പോഷിപ്പിച്ചവരി ൽ ഒരഗ്രിമസ്ഥാനം കവിതിലകൻ വടക്കുംകൂറിനുണ്ടെന്ന് സംശയം കൂടാതെ പറയാം. യഥാർ ത്ഥപണ്ഡിതശൃംഖലയുടെ അവസാന കണ്ണിയെന്ന് വിശേഷിപ്പിക്കേണ്ടുന്ന വടക്കുംകൂർ കേരളീയ സാഹിത്യവേദിയെ അനാഥമാക്കിക്കൊണ്ട് 1970 ഫെബ്രുവരി 27-ന് വൈകുന്നേരം കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

15.6.08

# Group News

## Our member Arun Pillai's cute daughter Chinmayi!!



May Gruvayoorappan Bless her and family with Ayurarogya soukhyam!

*Please email us at navaneetham@guruvayoor.com with your name and brief introduction to have your name appear in this section, also please email us your comments, suggestions, articles for Navaneetham June issue to editor@guruvayoor.com*

| | |
|---|---|
| Sources, credits and copyright acknoledgements<br>– Manoramaonline.com thehindu.com<br>- Krishna pictures/Artwork courtesy of<br>The Bhaktivedanta Book Trust International, Inc.<br>google picture searches<br>www.flickr.com<br>http://www.krishna.com<br>http://flickr.com/photos/captain_nidish/<br>http://dailygirlblog.blogspot.com/<br>http://devaragam.blogspot.com/2006/04/blog-sost_14.html<br>http://www.flickr.com/photos/85701004@N00/ | ***Our apologies for those articles & poems we could not publish this time due to space limitations. We will have them published in the forthcoming issues.*** |



**Om Namo Bhagavathe Vasudevaya!** കൃഷ്ണാ ഗുരുവായൂരപ്പാ! **Om Namo Narayanaya:**

May God Bless you all.